(ഡി) പ്രസ്തുത നയം പ്രകാരം രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ആദ്യയോഗം അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം) യുടെ അദ്ധ്യക്ഷതയിൽ ചേരുകയും സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുകയുമുണ്ടായി :

1. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിലെ 300 ഏക്കർ സ്ഥലത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി പ്രദേശത്തെ ഭൂവുടമകളുടെ വിവരങ്ങൾ ശേഖരിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുകയും തുടർന്ന് പദ്ധതി സ്ഥാപിക്കുന്നതിനായി ഭൂവുടമകളുടെ കമ്പനി രൂപീകരിക്കുകയും ചെയ്തു.

2. സോളാർ പോളിസിയിലെ ഖണ്ഡിക 6.7 പ്രകാരം ബിൽഡിംഗ് റൂളും ബിൽഡിംഗ് ബൈലോയും മാറ്റം വരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

3. സൂര്യപ്രകാശം തീവ്രമായി ലഭിക്കുന്ന വ്യാവസായിക പ്രദേശങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടു.

കൂടാതെ, സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

സൗരോർജ്ജ വികസന പദ്ധതികൾ

52 (397) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് സൗരോർജ്ജ മേഖലയിൽ ഈ സർക്കാർ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ സ്വന്തം നിലയിൽ സൗരോർജ്ജ സംവിധാനങ്ങൾ വീടുകളിൽ സ്ഥാപിക്കുമ്പോൾ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിനായി 10,000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് പദ്ധതി എന്നീ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ സ്ഥാപിത ശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2012-13-ൽ ആരംഭിച്ച 10,000 സൗരഗൃഹ പദ്ധതിവഴി നിലവിൽ 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.

2014-15-ൽ ആരംഭിച്ച സോളാർ കണക്ട് പദ്ധതിയുടെ ലക്ഷ്യം 12 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനുപുറമെ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് അനെർട്ടിന്റെ നേതൃത്വത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

കൂടാതെ, ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴിയും മറ്റ് ഏജൻസികൾവഴിയും നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഗാർഹിക വൈദ്യുതോൽപ്പാദനം ലക്ഷ്യമിട്ട് അനെർട്ട് 10,000 റൂഫ് ടോപ്പ് പദ്ധതി നടപ്പിലാക്കിവരികയും നിലവിൽ 7000 മേൽക്കൂരകളിൽ ഇത് സ്ഥാപിക്കുകയും ചെയ്തു. പദ്ധതിയിൽ അംഗമാകുന്ന ഉപഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ 53,262 രൂപയും സംസ്ഥാന സർക്കാർ 39,000 രൂപയും ധനസഹായമായി നൽകിവരുന്നു.

മറ്റൊരു പദ്ധതിയായ സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുത പദ്ധതിയിൽ ഒരു കിലോവാട്ടിന് കേന്ദ്ര സർക്കാർ 24,000 രൂപയും സംസ്ഥാന സർക്കാർ 10,000 രൂപയും ധനസഹായമായി നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ പ്ലാന്റുകൾക്ക് ജനറേഷൻ ബെയ്സ്ഡ് ഇൻസെന്റീവ് പദ്ധതി (GBI) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചുവർഷത്തേയ്ക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിക്കുന്നതുവരെയോ കരാർ പ്രകാരമുള്ള (RPO) സൗരോർജ്ജം സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതുവരെയോ ഇൻസെന്റീവ് നൽകുന്നതാണ്.

സൗരോർജ്ജ വൈദ്യുത പദ്ധതികൾ

53 (398) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം അനെർട്ട് മുഖേന 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള 12 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ ഫോട്ടോവോൾട്ടായിക് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിരുന്നു. കിലോവാട്ടിന് 10,000 രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയും നിശ്ചിത തുകയുടെ 30 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയും ഉപയോഗപ്പെടുത്തി ഈ പദ്ധതിയുടെ നിർവ്വഹണം കേന്ദ്ര സർക്കാരിന്റെ അംഗീകൃത എംപാനൽഡ് നിർമ്മാതാക്കൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11 മെഗാവാട്ട് ശേഷിയുള്ള പവർപ്ലാന്റുകളുടെ രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കണക്ടിവിറ്റി അംഗീകാരത്തിന് വിധേയമായിട്ടാകും ഇവ സ്ഥാപിക്കുന്നത്.

സൗരോർജ്ജ വൈദ്യുതി

54 (399) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇത് സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly